<u>**15 –ാം കേരള നിയമസഭ**</u>

<u>**14 –ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1130**</u> <u>**18-09-2025 - ൽ മറുപടിയ്ക്ക്**</u>

<u>**ചേലക്കര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. യു. ആർ. പ്രദീപ്</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ്, വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് എന്നീ ഓഫീസുകൾക്ക് കീഴിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളത്; ഇതിന്റെ പേരുവിവരം മൈനർ ഇറിഗേഷൻ സെക്ഷൻ തലത്തിൽ വ്യക്തമാക്കാമോ;</td><td>(എ)</td><td>ചേലക്കര നിയോജക മണ്ഡലത്തിലെ ചേലക്കര മൈനർ ഇറിഗേഷൻ സെക്ഷൻ, വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ എന്നീ കാര്യാലയങ്ങളുടെ കീഴിലായി 7 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണുള്ളത്.
<table>
<tr><td>മൈനർ ഇറിഗേഷൻ സെക്ഷൻ, ചേലക്കര</td><td>1. പഴയന്നൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം<br>2. ഇട്ടിച്ചിറക്കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം<br>3. അറയ്ക്കാമല ലിഫ്റ്റ് ഇറിഗേഷൻ സ്കീം<br>4. പാറക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം</td></tr>
<tr><td>മൈനർ ഇറിഗേഷൻ സെക്ഷൻ, വടക്കാഞ്ചേരി</td><td>5. പല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം<br>6.ദേശമംഗലം ലിഫ്റ്റ് ഇറിഗേഷൻ സ്കീം<br>7.ചെറുതുരുത്തി ലിഫ്റ്റ് ഇറിഗേഷൻ സ്കീം</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇവയിൽ ഏതെല്ലാമാണ് പരിപൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടുള്ളത്; വ്യക്തമാക്കാമോ;</td><td>(ബി)</td><td>7ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കർഷകർക്ക് വെള്ളം ലഭ്യമാക്കുന്നതിന് പ്രവർത്തന സജ്ജമാണ്. എങ്കിലും അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. അവ ചുവടെ ചേർക്കുന്നു.<br><br>1) മൈനർ ഇറിഗേഷൻ സെക്ഷൻ, ചേലക്കര കാര്യാലയത്തിനു കീഴിൽ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തിയിരുന്ന ഇട്ടിച്ചിറക്കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് ഹൗസിന്റെ പുനരുദ്ധാരണവും മെയിൻ കനാലിന്റെ അറ്റകുറ്റ പണികളും രണ്ട് 60 HP മോട്ടോർ & പമ്പ് സെറ്റിന്റെ</td></tr>
</table>

| | | | |
|---|---|---|---|
| | | | **വിതരണവും സ്ഥാപനവും ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിക്ക് G.O (Rt)No. 898/2024/WRD dated 25/11/2024 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് തൃശ്ശൂർ മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17.03.2025 തീയതിയിലെ IRR/IA/EST_TS/4706/2023_5_1_1 ഉത്തരവ് പ്രകാരം 50 ലക്ഷം രൂപക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തൃശ്ശൂർ മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടി പ്രവൃത്തിക്ക് 5 തവണ ടെൻഡർ ചെയ്തിട്ടും കരാറുകാരുടെ ഭാഗത്തു നിന്നും പ്രതികരണമൊന്നും ലഭ്യമാകാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.**<br><br>**2) പഴയന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാലുകളിലെ അറ്റകുറ്റപണികൾ.**<br><br>**3) ഇട്ടിച്ചിറക്കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാലുകളിലെ അറ്റകുറ്റപണികൾ.**<br><br>**4) അറക്കമല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പ്രവർത്തനരഹിതമായിട്ടുള്ള ഒരു പമ്പും മോട്ടോറും.**<br><br>**5)ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ ജലസേചനം/പമ്പിംഗ് തുടങ്ങുന്നതിനു മുമ്പായി കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള സിൽറ്റും മറ്റും നീക്കം ചെയ്ത് കനാലുകൾ വൃത്തിയാക്കുന്നതിനും കനാലിന്റെ അറ്റകുറ്റപണികൾക്കായും നീരൊഴുക്ക് സുഗമമാക്കുന്നതിനുമുള്ള പ്രവൃത്തികൾ.**<br><br>**6) പല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ tail end ലേക്ക് വെള്ളം കൊണ്ടുപോകുന്ന കനാൽ പ്രവൃത്തി.**<br><br>**അറ്റകുറ്റപ്പണികൾ നടത്താനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ "2702-01-800-94-00-34-03-NV"എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (സി) | അറ്റകുറ്റപണി നടത്താനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; കർഷകർക്ക് യഥാസമയം വെള്ളം ലഭ്യമാക്കുന്നതിന് ഇവ അടിയന്തരമായി അറ്റകുറ്റപണി നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | **ഉത്തരം (ബി ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ